

മലങ്കര ഓർത്തഡോക്സ് സുറിയാനയി സഭ

തൃശൂർ മെത്രാസനം

**പ്രത്യേക**

**സന്ദർഭങ്ങളിലേക്കുള്ള**

**ശുശ്രൂഷകൾ**

യൂഹാനോൻ മോർ മിലിത്തോസ് മെത്രാപ്പോലീത്ത




മലങ്കര ഓർത്തഡോക്സ് സുറിയാനയി സഭ

തൃശൂർ മെത്രാസനം

**പ്രത്യേക**

**സന്ദർഭങ്ങളിലേക്കുള്ള**

**ശുശ്രൂഷകൾ**

യൂഹാനോൻ മോർ മിലിത്തോസ് മെത്രാപ്പോലീത്ത

## വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷാ സഹായിക്കുള്ള കൈവെയ്പ്പ് ശുശ്രൂഷാ ക്രമം

### പ്രാർത്ഥന

ദൈവമായ കർത്താവെ അവിടന്ന് കാരുണ്യവാനും സകല നൽവരങ്ങളും വരദാനമായി നൽകുന്നവനും ആകുന്നുവല്ലൊ? അങ്ങെയുടെ സഭയെ അവിടന്ന് കാത്ത് പരിപാലിക്കേണമെ. അതിന്റെ ആടുകൾ അങ്ങെയിലുള്ള വിശ്വാസത്തിൽ ജീവിക്കുകയും എന്നേക്കും അങ്ങേക്ക് സ്തുതി കരേറ്റുകയും ചെയ്യുവാൻ ഇടയാകേണമെ. സഭയിൽ ശരിയായ ആരാധനയും നിലയ്ക്കാത്ത യാഗവും നിർവ്വഹിക്കുവാൻ അവിടന്ന് കൃപ അരുളേണമെ. അങ്ങെയുടെ ജനത്തെ വഴിനടത്തുവാൻ പിതാക്കന്മാരെയും, ഗുരുക്കന്മാരെയും, പുരോഹിതന്മാരെയും, ശുശ്രൂഷകരെയും അവിടന്ന് എഴുന്നേല്പിക്കേണമെ. അവർ അങ്ങെയ്ക്കായി നിത്യവും ജീവിതത്താലും പ്രവർത്തികളാലും സ്തോത്രയാഗം അർപ്പിക്കുവാൻ ഇടയാക്കേണമെ. അങ്ങെയുടെ ബലിപീഠത്തിൽ അവർ ലോകത്തിന്റെ രക്ഷക്കുള്ള അങ്ങെയുടെ ഏകജാതന്റെ തിരുബലി ചിട്ടയായും ക്രമമായും അർപ്പിക്കുമാറാകേണമെ. കർത്താവെ ഇപ്പോൾ അങ്ങെയുടെ ആലയത്തിലെ മദ്ബഹാ ശുശ്രൂഷക്കായി അവിടത്തെ മക്കളെ വിളിച്ച് ചേർക്കുന്ന ഈ സമയത്ത് അവിടന്ന് ഞങ്ങളുടെ മദ്ധ്യേ വസിച്ച് ഞങ്ങളെ ഈ ശുശ്രൂഷക്ക് യോഗ്യരാക്കേണമെ. ഞങ്ങൾ അങ്ങേയ്ക്കും അവിടത്തെ ഏകജാതനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമെ; ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ

### പ്രാർത്ഥന

കർത്താവായ മശിഹാ തമ്പുരാനെ ഇപ്പോൾ അങ്ങെയുടെ ഈ മകനെ അവിടത്തെ കരുണയ്ക്ക് മുൻപിൽ അവിടത്തെ നൽവരങ്ങൾക്കായി സമർപ്പിക്കുന്നു. ഇവനെ അങ്ങെയുടെ വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷക്കായി ഒരുക്കി നിയോഗിക്കേണമെ. അവിടത്തെ കരുണയാൽ ഇവന്റെ പാപങ്ങളെ ക്ഷമിച്ച് കുറ്റങ്ങൾക്ക് മോചനം നൽകേണമെ. ഇവനെ അവിടത്തെ വലതുകരത്തിന്റെ ആശീർവാദത്താൽ അനുഗ്രഹിക്കേണമെ. അങ്ങെയുടെ കരുണയാൽ ഇവന്റെ ആന്തരീക നയനങ്ങളെ തുറക്കുകയും അവിടത്തെ മഹത്വത്തെ കാണുവാനും അതിനെ അറിഞ്ഞ് ആരാധിക്കുവാനും സഹായിക്കേണമെ. അവിടത്തെ ജനത്തെ ആരാധനക്കായി ഒരുക്കുവാനുള്ള വിവേകവും തിരിച്ചറിവും ഇവന് നൽകേണമെ. വിശുദ്ധ ആലയത്തിലും, ആരാധനാ സന്ദർഭങ്ങളിലും വിശുദ്ധനായി നിന്നുകൊണ്ട് അങ്ങേയ്ക്ക്

സ്തോത്ര ശുശ്രൂഷ അർപ്പിക്കുവാൻ ഇവനെ യോഗ്യനാക്കേണമെ; മോറൻ വാലോഹാൻ ലഓൽമീൻ ആമ്മീൻ

### രഹസ്യ പ്രാർത്ഥന

കർത്താവെ അങ്ങെയുടെ മുൻപിൽ നിൽക്കുന്ന ഞങ്ങളുടെ പ്രാർത്ഥനകളെ കേൾക്കേണമെ. അടിയന്റെ കരങ്ങളാൽ ഇവന് ദൈവീക നൽവരങ്ങൾ ലഭിക്കുവാൻ തക്കവണ്ണം അടിയനെ പാപവിമുക്തനാക്കി ഈ ശുശ്രൂഷക്ക് യോഗ്യനാക്കേണമെ. അവിടന്ന് ഈ ശുശ്രൂഷയിൽ സന്നിഹിതനായിരുന്ന് അവിടത്തെ പരിശുദ്ധ ആത്മാവിനാൽ ഞങ്ങളെ നിറക്കേണമെ. വിശുദ്ധ റൂഹാ വന്നിറങ്ങി ഇവനെ വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷക്കായി ഒരുക്കേണമെ. ഇവന്റെ ജീവിതകാലം ഒക്കെയും ഇവൻ അങ്ങയെ അറിഞ്ഞും ആരാധിച്ചും ജീവിക്കുവാൻ ഇവന് കൃപ നൽകേണമെ.

### പ്രഖ്യാപനം

കർത്താവ് ന് പാപമോചനവും വിശുദ്ധ ആത്മാവിന്റെ ആവാസത്താൽ ഉത്തമ ശുശ്രൂഷക്കുള്ള നൽവരവും നൽകി അനുഗ്രഹിക്കട്ടെ. വിശുദ്ധ ആലയത്തിൽ എന്നതുപോലെ ജീവിതത്തിലും നിർമ്മലത കാത്തുകൊള്ളുവാൻ ഇവനെ യോഗ്യനാക്കട്ടെ. ഇവനുമായി ഇടപെടുന്നവർക്ക് ഇവൻ ഉത്തമ ദൃഷ്ടാന്തവും മാതൃകയും

ആയിരിക്കട്ടെ. തിന്മകളിൽ നിന്നും വിരുദ്ധ പ്രവർത്തികളിൽ നിന്നും ദൈവം ഇവനെ കാത്തുകൊള്ളട്ടെ. എന്നാളും ഉത്തമനായിരിക്കുവാൻ ദൈവം കൃപ അരുളട്ടെ. വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷാ സഹായത്തിനുള്ള കൈവെപ്പ് പ്രാപിക്കുവാൻ ഇവനെ ദൈവം യോഗ്യനാക്കട്ടെ. ആമ്മീൻ.

(ഓരോ ആളിനും പ്രത്യേകം പ്രത്യേകം വേണം)

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ............. വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷാ സഹായത്തിനുള്ള കൈവെപ്പ് നൽവരം പ്രാപിക്കുന്നു. ബശ്മൊ ദാബൊ + ബശ്മൊ ദബ്റൊ + ബശ്മൊ ദ് റൂഹോ + കാദീശോ ലഹായേ ദൽഓലം ഒൽമീൻ ആമ്മീൻ

(തുടർന്ന് ഉടുപ്പ് വാഴ്ത്തി നൽകുന്നു. അത് ധരിച്ച ശേഷം കാർമ്മികൻ വലതുകരം പിടിച്ച്, യജമാനൻ വരുമന്നേരത്ത് .... , എന്ന ഗീതം ചൊല്ലിക്കൊണ്ട് വി. ത്രോണോസ് ചുറ്റിക്കുന്നു).



**<u>സ്ഥാപനങ്ങളുടെ ശുദ്ധീകരണ ശുശ്രൂഷാക്രമം</u>**

**<u>പ്രാരംഭ പ്രാർത്ഥന</u>**

(ശുബഹൊ ...) പിതാവിനും പുത്രനും പരിശുദ്ധ റൂഹാക്കും സ്തുതി

(വാലൈൻ മ്ഹീലേ ... ) ബലഹീനരും പാപികളുമായ നമ്മുടെ മേൽ തന്റെ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

ദൈവമായ കർത്താവെ നീ സകലത്തിന്റെയും സൃഷ്ടാവും വീണ്ടെടുപ്പുകാരനും ആകുന്നുവല്ലൊ. ആദിയിൽ നീ മനുഷ്യനെ സൃഷ്ടിക്കുകയും ഭൂമിയിൽ വേലചെയ്ത് അതിനാൽ ജീവിക്കുവാൻ അവിടന്ന് കല്പിക്കുകയും ചെയ്തുവല്ലൊ. സകലരെയും വഴി നടത്തുന്നവനും പരിപാലിക്കുന്നവനും നീതന്നെയാകുന്നു. നിന്റെ സംരക്ഷണത്തിൻ തണലിൽ ഞങ്ങളെ കാത്തുകൊള്ളുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഞങ്ങളുടെ അദ്ധ്വാനങ്ങളെ അവിടുന്ന് ഫലവത്താക്കുകയും, അനേകരുടെ ഉപജീവനത്തിന് ഉപയുക്തമാക്കുകയും ചെയ്യേണമെ. തച്ചനായ യൗസേപ്പിന്റെ ഭവനത്തിൽ ജനിച്ച് അതിനെ ദൈവീകഭവനം ആക്കിതീർത്ത നിന്റെ ഏകജാതൻമൂലം നാഥാ ഞങ്ങളുടെ വിവിധങ്ങളായ തൊഴിൽ മേഖലകളെ അവിടന്ന് അനുഗ്രഹിക്കുകയും, വേലചെയ്ത് ജീവിക്കുവാൻ ഞങ്ങളെ ശക്തീകരിക്കുകയും ചെയ്യേണമെ.

ഞങ്ങൾ നിരന്തരം അങ്ങയെ സ്തുതിച്ച് മഹത്വപ്പെടുത്തുന്നു. മോറൻ വാലോഹാൻ ലഓൽമീൻ.

**കുക്കിലിയോൻ**

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ നാഥാ ഹാലേ ... ഉഹാലേ. ...

നീയെൻ ശരണം ലജ്ജിക്കരുതെ ഞാൻ

അറിയിക്കണമെന്നെ നിൻ നേർവഴികൾ ഹാലേ ... ഉഹാലേ ...

നേരിൽ നയിച്ചെന്നെ പരിശീലിപ്പിക്ക.

ബാറക്മോർ ശുബഹൊ. ..

മെൻ ഓലം...

**പ്രുമിയോൻ**

ദൈവമായ കർത്താവെ! ഞങ്ങളുടെ അദ്ധ്വാനങ്ങൾക്കാവശ്യമായ ബലം നൽകി തുണയ്ക്കുന്നവനും അവയുടെ ഫലത്തെ ആശീർവദിക്കുന്നവനുമായ ദൈവം തമ്പുരാനെ! അവിടുത്തെ മക്കൾ വേല ചെയ്വാനും ഫലം ഉളവാക്കുന്നതിനുമായി നിർമ്മിച്ചിട്ടുള്ള ഈ സ്ഥാപനത്തെ ആശീർവദിച്ച് അനുഗ്രഹിക്കുവാനായി അപേക്ഷിച്ചുകൊണ്ട് തിരുസന്നിധിയിൽ ഞങ്ങൾ കൂടിവന്നിരിക്കുന്ന ഈ സന്ദർഭത്തിലും സകല പെരുന്നാളുകളിലും..... സ്തുതിയും ആരാധനയും അങ്ങേയ്ക്ക് യുക്തമാകുന്നു, ബ്കുലഹൂൻ .... ആമ്മീൻ



**സെദ്റ**

സ്നേഹവാനും കരുതുന്നവനുമായ ദൈവമായ കർത്താവെ, ഈ ലോകത്തിലെ ഞങ്ങളുടെ ജീവിതം കാവലിന്റെയും അദ്ധ്വാനത്തിന്റേതുമാണ് എന്ന് അവിടന്ന് ആദിയിലേതന്നെ കല്പിച്ചിട്ടുണ്ടല്ലൊ? മനുഷ്യൻ ജീവിക്കേണ്ടത് അദ്ധ്വാനിച്ചും പരസ്പരം സഹായിച്ചുമാണ് എന്ന് അവിടത്തെ ഏകജാതൻ ഞങ്ങളെ പഠിപ്പിച്ചുമിരിക്കുന്നു. ഇവയ്ക്കാവശ്യമായ ജ്ഞാനവും ശക്തിയും അവിടന്ന് തന്നെ നൽകുന്നു. ലഭിച്ചിട്ടുള്ള താലന്തുകളെ അടക്കി വയ്ക്കുകയല്ല, വിനിയോഗത്തിലൂടെയും വിനിമയത്തിലൂടെയും വർദ്ധിപ്പിച്ച് തിരുസന്നിധിയിൽ സമർപ്പിക്കേണം എന്ന് ഞങ്ങളുടെ രക്ഷകനും അവിടുത്തെ പ്രിയ പുത്രനുമായ വിശുദ്ധ ത്രിത്വത്തിലെ രണ്ടാമൻ മശിഹാ തമ്പുരാൻ ഞങ്ങളോട് ഉപമയിലൂടെ ഉപദേശിച്ചുമിരിക്കുന്നു. താലന്തുകളെ നൽകുന്നവനും, അവയെ വിനിമയം ചെയ്യുവാൻ ശക്തീകരിക്കുന്നവനും അവിടുന്ന് തന്നെ ആകുന്നു. അതോടൊപ്പം നാഥാ അങ്ങ് അദ്ധ്വാനത്തിന് ഫലപ്രാപ്തി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇപ്പോൾ അവിടുത്തെ മക്കൾ അങ്ങ് നൽകിയ വിഭവങ്ങളും ബുദ്ധിയും കർമ്മശേഷിയും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന ഈ സ്ഥാപനത്തെ പ്രവർത്തനക്ഷമം ആകുവാൻ തക്കവണ്ണം ആശീർവദിച്ച് അനുഗ്രഹിക്കേണമെ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും അങ്ങെയുടെ നാമത്തിന്റെ മഹത്വത്തിനും അവിടുത്തെ സൃഷ്ടിയുടെ സേവനത്തിനും ഉപയുക്തമാക്കേണമെ. അങ്ങെയുടെ സന്നിധിയിൽ സമർപ്പിക്കുന്ന ഈ കാഴ്ചയെ അവിടന്ന് സ്വീകരിക്കേണമെ. ഇതിന്റെ പുരോഗതിക്കാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്ക ുവാൻ അവിടന്ന് ഇവർക്ക് തുണ ആയിരിക്കേണമെ. അവിടത്തെ മക്കളെ ആശീർവദിക്കേണമെ. ഞങ്ങളുടെ മരിച്ചുപോയവരെ അവിടത്തെ രാജ്യത്തിന് അവകാശികളാക്കേണമെ. ഞങ്ങൾ അങ്ങെയ്ക്കും അവിടുത്തെ ഏക ജാതനും .... .... ആമ്മീൻ

എന്നാളും കാത്തീടേണം

ഓർക്കരുതെ കരുണാ നിധിയേ!

ഞങ്ങൾ തൻ ദുഷ്കൃത്യങ്ങൾ

മോറിയൊറാഹേം .....

<u>പ്രാർത്ഥന</u>

ദൈവമായ കർത്താവെ മനുഷ്യൻ മുഖത്തെ വിയർപ്പോടെ ആഹാരം കഴിക്കേണം എന്നരുളിയ സൃഷ്ടാവാം നാഥാ! നിന്റെ ജനം ആഹാര-സമ്പാദനത്തിനായി കൃഷിയും, കച്ചവടവും, വാണിജ്യവും ഇതര ജോലികളും സ്വീകരിക്കുന്നു. അവയൊക്കെ നിന്റെ തിരുവിഷ്ടത്തിന് ഉതകുന്ന വിധത്തിലും നിന്റെ ജനത്തിന് പ്രയോജനപ്രദമാകുന്ന രീതിയിലും അവിടന്ന് ക്രമപ്പെടുത്തേണമെ. കർത്താവെ ഇപ്പോൾ നിന്റെ മക്കൾ ആരംഭിക്കുന്ന ഈവ്യാപാര സ്ഥാപനത്തെ അവിടന്ന് വാഴ്ത്തേണമെ. അനീതിയും വഞ്ചനയും ഇതിൽ കളങ്കമാകാതെ അവിടന്ന് ഇവരെ സംരക്ഷിച്ചുകൊള്ളേണമെ. നിന്റെ രാജ്യത്തിന്റെ സ്വഭാവത്തിന് ഉതകും വിധം ഇവിടത്തെ ക്രയ വിക്രയങ്ങളെ ക്രമപ്പെടുത്തേണമെ. ഈ സ്ഥാപനത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് ആവശ്യമായ ഉപദേശവും നിർദ്ദേശവും അവിടന്ന് തന്നെ നൽകേണമെ. ഈസ്ഥാപനത്തെ അവിടന്ന് അഭിവൃദ്ധിയിലേക്കും പുരോഗതിയിലേക്കും നയിക്കേണമെ. നഷ്ടവും ദോഷവും പരാജയവും ഇതിൽ ഉണ്ടാകാതിരിപ്പാൻ ആവശ്യമായ കരുതൽ അവിടന്ന് തന്നെ



നിർവ്വഹിക്കേണമെ. ഈവ്യാപാര സ്ഥാപനവുമായി ബന്ധപ്പെടുന്ന ഏവരും തികച്ചും സംതൃപ്തരാകുവാൻ അവിടന്ന് ഇടയാക്കേണമെ.

കർത്താവെ ഇതിന്റെ ഉടമസ്ഥരെയും, ഇതിൽ ജോലി ചെയ്യുന്നവരെയും അവിടന്ന് അനുഗ്രഹിക്കേണമെ. ഇതിൽ പ്രവർത്തിക്കുന്നവർക്ക് നല്ല വിവേകവും ഉൾക്കാഴ്ചയും നൽകേണമെ. തങ്ങളോട് ഇടപെടുന്നവരുമായി നല്ല ബന്ധം സൃഷ്ടിക്കുവാൻ ഇവർക്ക് കഴിവ് നൽകേണമെ. ഈനാടിന്റെ പുരോഗതിക്കും നീതിപരമായ വളർച്ചക്കും ഈസ്ഥാപനം ഒരു മുതൽക്കൂട്ട് ആയിരിക്കുവാൻ അവിടന്ന് തുണക്കേണമെ. സകലതും മറ്റുള്ളവരെക്കുറിച്ചുള്ള കരുതലിലും താല്പര്യത്തിലും നിർവ്വഹിക്കുവാൻ ഞങ്ങൾക്ക് ഇടയാക്കേണമെ. നീതിയും സമാധാനവും നിലനിൽക്കുന്ന സമൂഹത്തെ ഞങ്ങൾക്കായി ഒരുക്കേണമെ. സമത്വവും വിവേചനരാഹിത്യവും ഞങ്ങളുടെ സമൂഹത്തിന്റെ സ്വഭാവമാക്കിതീർക്കേണമെ എന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. അദ്ധ്വാനത്തിന്റെ മഹത്വത്തെ ആദരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമെ. സകലതും ക്രമമായും ഭംഗിയായും നിർവ്വഹിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. നാഥാ നിന്റെ അനുഗ്രഹവും തുണയും ഞങ്ങളേവരോടും കൂടെ എപ്പോഴും ഉണ്ടായിരിക്കേണമെ. വി. മാതാവായ മറിയാമിന്റെയും ഞങ്ങളുടെ കാവൽ പിതാവായ .... ന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും ഞങ്ങൾക്കും ഞങ്ങൾ ആരംഭിക്കുന്ന ഈസ്ഥാപനത്തിനും തുണയാക്കി

തീർക്കുമാറാകേണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധ റൂഹാക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകേണമെ ... ഹോശൊ വബ് ....

**തളിക്കാനുള്ള ജലത്തിന്റെ വാഴ്വ്**

തന്റെ ജനത്തിന്റെ അനുഗ്രഹത്തിനും, ആശ്വാസത്തിനും, അഭയത്തിനും, ശുദ്ധീകരണത്തിനും വേണ്ടിയുള്ള തളിപ്പാകുവാൻ തക്കവണ്ണം ഈജലം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ആശീർവദിക്കപ്പെടുന്നു. ബശ്മൊദാബൊ + ബശ്മൊദബ്റൊ + ബശ്മൊദ്റൂഹൊ + കദീശോ ലഹായെ ദൽഓലം ഒൽമീൻ ആമ്മീൻ.

(വാഴ്ത്തിയജലം സ്ഥാപനത്തിന്റെ അകത്ത് "മോറാൻ എതറാഹാം മേലൈൻ ബസ്ലൂതെ മോകാദീശെ ബാറെകൊയ് ലഹോനൂതൊ ഹോദെ വൽഉമറൊ വൽവൊ മോറാൻ"; "മാതാവും ശുദ്ധന്മാരും അർപ്പിക്കും മദ്ധ്യസ്ഥതയാൽ വാഴ്വമ്പോടീ സ്ഥാപനത്തിനും ഉടമസ്ഥർക്കും നാഥാ നൽക" എന്ന ഗീതം ആലപിച്ചുകൊണ്ട് തളിക്കുന്നു. തുടർന്ന് കളമേുണ്ടെങ്കിൽ ഇല്ലെങ്കിൽ ജലം ഉപയോഗിച്ച് സ്ഥാപനത്തിന്റെ മുൻവശത്ത് റുശ്മൊ നടത്തുന്നു).

**പ്രാർത്ഥന:**

ഒന്നായിരിക്കുന്ന പിതാവിന്റെയും പുത്രന്റെയും ജീവനുള്ള വിശുദ്ധ റൂഹായുടെയും നാമത്തിൽ ദൈവനാമ മഹത്വത്തിനും തന്റെ സൃഷ്ടിയുടെ അനുഗ്രഹത്തിനുമായി ജീവനുള്ളതും ജീവാകരവുമായ സ്ലീബായുടെ അടയാളത്താൽ വാഴ്ത്തിശുദ്ധീകരിക്കപ്പെടുന്ന ഈ സ്ഥാപനം എന്നുമെന്നേക്കും അനുഗഹിക്കപ്പെട്ട് ഐശ്വര്യം പ്രാപിക്കുമാറാകട്ടെ. ബശ്മൊ ദാബൊ + ബശ്മൊ ദബ്റൊ + ബശ്മൊ ദ്റൂഹൊ + കദീശോ ലഹായെ ദൽഓലം ഒൽമീൻ ആമ്മീൻ.

(തുടർന്ന് ഷേതർപുകഴ്ചാ ഭാജനമെ . . .; പരിശുദ്ധന്മാരെ നിങ്ങൾ . . . എന്നീ കുക്കിലിയോൻ ഭാഗങ്ങൾ ചൊല്ലാം).



**ആശീർവാദം**

പിതാവാം ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംബന്ധവും ആവാസവും നാമെല്ലാവരോടും, ഈ സ്ഥാപനത്തോടും, ഇതിനെ ഉപയോഗപ്പെടുത്തുന്നവരോടും കൂടെ എന്നാളും ഉണ്ടായിരിക്കട്ടെ. . . ആമ്മീൻ

## വാഹനങ്ങളുടെ ശുദ്ധീകരണക്രമം

(ഭവന ശുദ്ധീകരണത്തിന് എന്നതുപോലെ പാത്രത്തിൽ ജലവും തളിക്കാനുള്ള ഇലകളും കരുതണം. കളഭം ഉണ്ടെങ്കിൽ നന്ന്. ധൂപക്കുറ്റി, തിരി, കുരിശ് ഇവ ആവശ്യമില്ല).

**പ്രാരംഭ പ്രാർത്ഥന:**

സ്നേഹവാനായ ദൈവമായ കർത്താവെ! നീ മനുഷ്യരുടെ രക്ഷയും, ഐശ്വര്യവും പുരോഗതിയും ആഗ്രഹിക്കുന്നവനും അതിനായി നിരന്തരം വരദാനങ്ങളെ കൽപ്പിച്ച് നൽകുന്നവനും ആകുന്നുവല്ലൊ. നിന്റെ കൃപയിൽ ആശ്രയിച്ചുകൊണ്ട് ഈ വാഹനത്തെ നിന്റെ ജനത്തിന്റെ ഉപയോഗത്തിനായി ഞങ്ങൾ സമർപ്പിക്കുന്നു. അനേകരുടെ യാത്രാസൗകര്യവും, ജീവനും, ആരോഗ്യവും ഇതിന്റെ സുഗമമായ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് നീ അറിയുന്നു. കർത്താവെ! കൃപയാൽ അവിടന്ന് ഈസമയത്ത് ഞങ്ങളോടൊപ്പം സ്ഥിതിചെയ്ത് ഞങ്ങൾ തിരുസന്നിധിയിൽ നിന്റെ വാഴ്വിനായി സമർപ്പിച്ചിരിക്കുന്ന ഈവാഹനത്തെ ആശീർവദിക്കേണമെ. ഞങ്ങളോടുള്ള നിന്റെ കൃപയെ സ്തുതിച്ച് മഹത്വീകരിക്കുവാൻ ഞങ്ങളെ നീ യോഗ്യരാക്കേണമെ: അത് ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

**ഗീതം:** (മോർ യാക്കോബിന്റെ === റിശൈകൊഹനെ === രീതി)



തന്നുദയത്താൽ ലോകത്തിനു
വെളിവേകിയൊരീശോ!
നിന്നുടെ കരുണയെ ദർശിപ്പാനെൻ
കണ്ണുതുറക്ക.

പൈതൃക സ്നേഹാൽ ഇരുളിൻ നടുവിൽ
വെളിവായോനെ!
സന്തതിയാമെൻ ഉൾക്കണ്ണുകളെ
തെളിയിക്കണമെ.

ബാറക്മോർ. ശുബഹൊ ...
നിന്ദ്യമതായൊരു കഴുതക്കുട്ടിയെ
സെഹിയോൻ തെരുവിൽ
വാഹനമാക്കി എഴുന്നള്ളിയവനാം
ദൈവതനൂജാ!
അടിയനണക്കും പ്രാർത്ഥനയെ
നീ ശ്രദ്ധിച്ചിട്ടീ-
വാഹനമതിനെ വലതുകരത്താൽ
വാഴ്ത്തീടണമെ.
മെൻഓലം ....

കടലോളങ്ങളിൽ ശീമോനായി
നീട്ടിയ നിന്റെ

വലതുകരത്താൽ അടിയങ്ങളെയും
സംരക്ഷിക്ക.
നിൻ തൃത്തോളിന്മേലടിയാരെ
വഹിച്ചൻപോടെ
നിന്നുടെ രാജ്യേ കനിവാലെങ്ങളെ
ചേർക്കുക നാഥാ.

മൊറിയൊറാഹെം ==

**പ്രാർത്ഥന:**

ദയാനിധിയായ ദൈവം തമ്പുരാനെ! നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് ഈവാഹനത്തെ നിന്റെ സൃഷ്ടിയുടെ ഉപയോഗത്തിനായി ഞങ്ങൾ സമർപ്പിക്കുന്നു. കർത്താവെ! നിന്റെ കരുണയാൽ സകല വിശ്വാസികളുടെയും പിതാവായ അബ്രാഹാമിനൊടൊപ്പം നീ വസിക്കുകയും കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് യാത്രചെയ്യുവാൻ അവനെ സഹായിക്കുകയും ചെയ്തുവല്ലൊ. നിന്റെ മക്കൾ യാത്രചെയ്യുന്നിടത്തെല്ലാം നീതന്നെ സംരക്ഷകനും പ്രത്യാശയും ആയിരിക്കേണമെ. ദൈവമെ! ഗോത്രതലവനായ യാക്കോബിന് അവന്റെ നിരാശാഭരിതമായ യാത്രയിലും നീ കൂട്ടാളിയും സാന്നിദ്ധ്യവും ആയിരുന്നുവല്ലൊ. കർത്താവെ നിന്റെ ജനത്തെ സകല അപകടങ്ങളിൽ നിന്നും സംരക്ഷിക്കേണമെ. ജാതികളുടെ ഇടയിൽ നിന്റെ സുവിശേഷകനായ പൗലോസിനെ കപ്പൽച്ചേദത്തിൽ നിന്നും, കൊടുങ്കാറ്റിൽ നിന്നും,



സകല അപകടങ്ങളിൽനിന്നും അവിടുന്ന് രക്ഷിച്ചുവല്ലൊ. നിന്റെ ജനത്തിന്റെ ഉപയോഗത്തിനായുള്ള ഈ വാഹനത്തിൽ യാത്ര ചെയ്യുന്നവരോടൊപ്പം നീയും സഞ്ചരിച്ച് സുരക്ഷിതമായും ആശങ്കാരഹിതമായും ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാൻ സഹായിക്കേണമെ.

ദൈവമായ കർത്താവെ! ഈവാഹനത്തെ നിയന്ത്രിക്കുന്നവരും ഇതിൽ സഞ്ചരിക്കുന്നവരും ഒരുപോലെ നിന്നാൽ സംരക്ഷിക്കപ്പെടേണമെ. സകലവിധമായ അപകടങ്ങളിൽ നിന്നും ഇതിനെ കാത്തുകൊള്ളേണമെ. ഈ വാഹനം ഓടിക്കുന്നവരെ നീ സൗമ്യമാനസരും ചട്ടങ്ങൾ പാലിക്കുന്നവരും ആക്കിതീർക്കേണമെ. നിന്റെ മക്കളാകുന്ന ഇതിന്റെ ഉടമകൾക്ക് നന്മയും ഐശ്വര്യവും ഈവാഹനം മൂലം വന്നുചേരേണമെ. ഇതുമുഖാന്തിരം ഇവർ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ട് നിന്റെ ജനത്തിന് സേവനം ചെയ്യുവാൻ ഇവരെ നീ സജ്ജീകരിക്കേണമെ. എല്ലാവിധ സാമ്പത്തിക നഷ്ടത്തിൽ നിന്നും പരാജയത്തിൽ നിന്നും നീ ഇവരെ കരുതിക്കൊള്ളേണമെ. സകലതും നിന്റെയും നിന്റെ ഏകജാതന്റെയും നിന്റെ വിശുദ്ധ റൂഹായുടെയും കരുണയാലും കൃപയാലും തന്നെ. മോറൻ വാലോഹാൻ ലഓൽമീൻ. ആമ്മീൻ

(തുടർന്ന് പാത്രത്തിലുള്ള ജലം വാഴ്ത്തുന്നു).

തന്റെ ജനത്തിന്റെ അനുഗ്രഹത്തിനും, ആശ്വാസത്തിനും, അഭയത്തിനും, ശുദ്ധീകരണത്തിനും വേണ്ടിയുള്ള തളിപ്പാകുവാൻ തക്കവണ്ണം ഈജലം പിതാവിന്റെയും പുത്രന്റെയും വിശുദ്ധ റൂഹായുടെയും നാമത്തിൽ ആശീർവദിക്കപ്പെടുന്നു. ബശ്മൊ ദാബൊ + ബശ്മൊ ദബ്റൊ + ബശ്മൊ ദ്റൂഹൊ + കാദീശോ ലഹായെ ദൽഓലം ഒൽമീൻ. ആമ്മീൻ.

(വാഴ്ത്തിയ ജലം വാഹനത്തിനുള്ളിലും പുറത്തും "മോറാനെതറാഹാം മേലൈൻ ബസ്ലൂതെ മോകാദീശേ ബാറെകൊയ് ലറാദൊയ്തൊ ഹോദെ വൽഉമറൊ വൽവൊ മോറാൻ"; "മാതാവും ശുദ്ധന്മാരും അർപ്പിക്കും മദ്ധ്യസ്ഥതയാൽ വാഴ്വമ്പോടീ വാഹനത്തിന്നും ഉടയോർക്കും നാഥാ നൽക" എന്ന ഗീതം ആലപിച്ചുകൊണ്ട് തളിക്കുന്നു. തുടർന്ന് കളഭമുണ്ടെങ്കിൽ അത് ഇല്ലെങ്കിൽ ജലം ഉപയോഗിച്ച് വാഹനത്തിന്റെ മുൻവശം റുശ്മൊ ചെയ്യുന്നു).

**പ്രാർത്ഥന:**

ഒന്നായിരിക്കുന്ന പിതാവിന്റെയും പുത്രന്റെയും ജീവനുള്ള വിശുദ്ധ റൂഹായുടെയും നാമത്തിൽ ദൈവനാമ മഹത്വത്തിനും തന്റെ സൃഷ്ടിയുടെ അനുഗ്രഹത്തിനുമായി ജീവനുള്ളതും ജീവാകരവുമായ സ്ലീബായുടെ അടയാളത്താൽ വാഴ്ത്തി ശുദ്ധീകരിക്കപ്പെടുന്ന ഈവാഹനം എന്നുമെന്നേക്കും അനുഗ്രഹിക്കപ്പെട്ട് ഉപയുക്തമാക്കപ്പെടുമാറാകട്ടെ. ബശ്മൊ ദാബൊ + ബശ്മൊ ദബ്റൊ + ബശ്മൊ ദ്റൂഹൊ + കാദീശോ ലഹായെ ദൽഓലം ഒൽമീൻ ആമ്മീൻ.

(തുടർന്ന് ഭക്തർപുകഴ്ചാ ഭാജനമെ . . .; പരിശുദ്ധന്മാരെ നിങ്ങൾ . . . എന്നീ കുക്കിലിയോൻ ഭാഗങ്ങൾ ചൊല്ലണം).



**ആശീർവാദം**

പിതാവാം ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംബന്ധവും ആവാസവും നാമെല്ലാവരോടും, ഈവാഹനത്തോടും, ഇതിനെ ഉപയോഗപ്പെടുത്തുന്നവരോടും കൂടെ എന്നാളും ഉണ്ടായിരിക്കട്ടെ. . . ആമ്മീൻ

## <u>സഭാസ്വീകരണ ശുശ്രൂഷ</u>

(പ്രത്യേകം സ്നാനമോ മൂറോനഭിഷേകമോ ആവശ്യമില്ലാത്ത സന്ദർഭത്തിലേക്ക് മാത്രം)

(സ്ഥാനാർത്ഥി വി. കുർബാനക്ക് മുൻപായി തൂയോബോയ്ക്ക് ശേഷം വി. മദ്ബഹയുടെ മുൻപാകെ കിഴക്കോട്ടഭിമുഖമായി നിൽക്കുമ്പോൾ പട്ടക്കാരൻ പ്രാർത്ഥന നടത്തുന്നു).

<u>പട്ടക്കാരൻ</u>: പിതാവിനും പുത്രനും പരിശുദ്ധ റൂഹാക്കും സ്തുതി

<u>ജനം</u>: ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ തന്റെ കരുണയും കൃപയും രണ്ട് ലോകങ്ങളിലും എന്നാളും ചൊരിയപ്പെടുമാറാകട്ടെ ആമ്മീൻ

<u>പട്ടക്കാരൻ പ്രാർത്ഥന</u>: മേലുള്ള സൈന്യങ്ങളുടെ ദൈവമായ കർത്താവെ സഭാംഗത്വം സ്വീകരിക്കുന്ന ഈ നിന്റെ മകനെ/മകളെ തൃക്കൺപാർക്കേണമെ. ഇവനെ നീ അനുഗ്രഹിക്കുകയും, ലൗകികതയുടെ സർവ്വവിധമായ സ്വാധീനങ്ങളിൽ നിന്നും മോചിപ്പിക്കുകയും ചെയ്യേണമെ. ഇവന്റെ ഉൾനയനങ്ങളെ പ്രകാശിപ്പിക്കുകയും ഉത്തമ സഭാജീവിതത്തിന് ഇവനെ ഒരുക്കുകയും ചെയ്യേണമെ. അന്ധകാരത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും വിമോചിതനായി ദിവ്യജ്ഞാനത്തിനും പ്രകാശത്തിന്റെ സന്തതിക്ക് അനുസൃതമായ ജീവിതത്തിനും ഇവനെ യോഗ്യനാക്കേണമെ. ഇവന്റെ ജീവിതത്തെ അവിടുന്ന് നിർമ്മലീകരിച്ച്



നിന്റെ രാജ്യത്തിന്റെ പ്രത്യാശയിൽ ഇവനെ പരിശീലിപ്പിക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹാക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു; ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ

**<u>പുരോഹിതൻ സ്ഥാനാർത്ഥിയോട്</u>**. പരിശുദ്ധ ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസത്തിലും, ചട്ടങ്ങളിലും, ആരാധനാ ജീവിതത്തിലും നിഷ്ഠ ഉള്ളവനായിരുന്നുകൊള്ളാം എന്ന് ഉറപ്പ് നൽകുമൊ?

**<u>സ്ഥാനാർ</u>ത്ഥി**: ഉവ്വ്, ഞാൻ ഉറപ്പ് നൽകുന്നു.

**<u>പുരോഹിതൻ സ്ഥാനാർത്ഥിയോട്:</u>** വി. ത്രിത്വത്തിലുള്ള വിശ്വാസം, പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരം, തന്റെ കഷ്ടാനുഭവം, ക്രൂശ്മരണം, പുനരുദ്ധാനം, സ്വർഗ്ഗാരോഹണം, രണ്ടാമത്തെ വരവ് എന്നിവയിൽ വിശ്വസിക്കുന്നുവൊ?

**സ്ഥാനാർത്ഥി**: ഉവ്വ്, ഞാൻ വിശ്വസിക്കുന്നു.

**<u>പുരോഹിതൻ സ്ഥാനാർത്ഥിയോട്:</u>** ആരാധനയിൽ പരേതരുടെ സാന്നിദ്ധ്യം, വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും മദ്ധ്യസ്ഥതയും കൂട്ടായ്മയും, മരിച്ചവരുടെ പുനരുത്ഥാനം എന്നിവയിൽ വിശ്വസിക്കുന്നുവൊ?

**സ്ഥാനാർത്ഥി**: ഉവ്വ്, ഞാൻ വിശ്വസിക്കുന്നു.

**<u>പുരോഹിതൻ സ്ഥാനാർത്ഥിയോട്:</u>** മൂന്ന് പരിശുദ്ധ പൊതു സുന്നഹദോസുകളിൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ള വിശ്വാസ സത്യങ്ങളെ മുഴുവനായും സ്വീകരിക്കുന്നുവൊ?

**സ്ഥാനാർത്ഥി**: ഉവ്വ്, ഞാൻ സ്വീകരിക്കുന്നു.

**<u>പുരോഹിതൻ സ്ഥാനാർത്ഥിയോട്:</u>** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 1934 ൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതും, കാലാ കാലങ്ങളിൽ പരിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതുമായ ഭരണഘടന സ്വീകരിക്കുകയും വിധേയപ്പെടുകയും ചെയ്യുന്നുവോ?

**സ്ഥാനാർത്ഥി**: ഉവ്വ്, ഞാൻ സ്വീകരിക്കുകയും വിധേയപ്പെടുകയും ചെയ്യുന്നു.

**<u>പുരോഹിതൻ സ്ഥാനാർത്ഥിയോട്:</u>** മേൽപറഞ്ഞ ഭരണഘടനപ്രകാരമുള്ള സഭാഭരണ ക്രമീകരണത്തോടും, ഭരണാധികാരികളോടും വിധേയപ്പെട്ട് സഭാജീവിതം നയിക്കുവാൻ സന്നദ്ധമാണോ?

**സ്ഥാനാർത്ഥി**: ഞാൻ ഒരുക്കമാണ്.

**സ്ഥാനാർത്ഥി നിഖ്യാ-കുസ്തന്തീനോപ്പോലീസ് വിശ്വാസപ്രമാണം ചൊല്ലുന്നു.**

(തുടർന്ന് പട്ടക്കാരൻ സ്ഥാനാർത്ഥിയുടെ തലയിൽ കൈവച്ചുകൊണ്ട്)



**<u>രഹസ്യ പ്രാർത്ഥന:</u>**

സ്നേഹവാനായ സ്വർഗ്ഗീയ പിതാവെ! അങ്ങെയുടെ ഈ മകനെ ശ്രദ്ധിക്കേണമെ. സകല പാപമാലിന്യങ്ങളെയും വിശ്വാസ വൈപരീത്യങ്ങളെയും ഇവനിൽ നിന്നും നീക്കേണമെ. നിന്റെ ഏകജാതന്റെ ശരീരമാകുന്ന പ. സഭയിൽ ഇവനെ നിലനിർത്തേണമെ. വിശുദ്ധ ഓർത്തഡോക്സ് പാരമ്പര്യത്തിലും വിശുദ്ധന്മാരുടെയും പുണ്യപ്പെട്ട പിതാക്കളുടെയും സംഘത്തിലും ഇവനെ ചേർത്ത് നിർത്തേണമെ. നിന്റെ ജനത്തിന്റെ മദ്ധ്യത്തിൽ ഉത്തമ ജീവിതം നയിക്കുവാൻ ഇവനെ യോഗ്യനാക്കേണമെ. ജീവിതകാലമത്രയും നിന്റെ രാജ്യത്തിന്റെ സ്ഥാപനത്തിനായി പ്രവർത്തിക്കുവാൻ ഇവനെ ശക്തീകരിക്കേണമെ. വിശുദ്ധ റൂഹായുടെ ശക്തിയാൽ അങ്ങെയുടെ മുന്തിരിത്തോട്ടത്തിലെ ഉത്തമ വേലക്കാരനാക്കി ഇവനെ തീർക്കേണമെ.

**<u>പരസ്യപ്രാർത്ഥന</u>**

നാഥാ അങ്ങെയുടെ കൃപയാൽ ഈ നിന്റെ മകനെ ഓർത്തഡോക്സ് സുറിയാനി സഭയുടെ കൂട്ടായ്മയിലേക്ക് നയിക്കേണമെ. സർവ്വ ജനത്തോടുമൊപ്പം സത്യാരാധകനായി ഇവനെ സ്വീകരിക്കേണമെ. നിന്റെ രാജ്യത്തിലെ ഉത്തമ പൗരനായി ഇവനെ തികക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹാക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു; ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ ആമ്മീൻ

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ............. (പേര്) പ. ഓർത്തഡോക്സ് സുറിയാനി സഭാംഗത്വത്തിലേക്ക് സ്വീകരിക്കപ്പെടുന്നു - ബശ്മൊ ദാബൊ + ബശ്മൊ ദബ്റൊ + ബശ്മൊ ദ് റൂഹൊ + കാദീശൊ വൽഹായെ ദൽഓലം ഒൽമീൻ. ആമ്മീൻ

(തുടർന്ന് സഭയിൽ ചേരുന്നയാൾ സമ്മത പത്രം എഴുതി ഒപ്പിട്ട് നൽകണം. മാതൃക താഴെ കൊടുത്തിരിക്കുന്നു)

## <u>സഭാസ്വീകരണ സമ്മതപത്രം</u>

പരിശുദ്ധ ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസത്തിലും, ചട്ടങ്ങളിലും, ആരാധനാ ജീവിതത്തിലും നിഷ്ഠ ഉള്ളവനായിരുന്നുകൊള്ളാം എന്ന് ഞാൻ ഉറപ്പ് നൽകുന്നു.

വി. ത്രിത്വത്തിലുള്ള വിശ്വാസം, പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരം, തന്റെ കഷ്ടാനുഭവം, ക്രൂശ്മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാമത്തെ വരവ് എന്നിവയിൽ ഞാൻ വിശ്വസിക്കുന്നു.

ആരാധനയിൽ പരേതരുടെ സാന്നിദ്ധ്യം, വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും മദ്ധ്യസ്ഥതയും കൂട്ടായ്മയും, മരിച്ചവരുടെ പുനരുത്ഥാനം എന്നിവയിൽ ഞാൻ വിശ്വസിക്കുന്നു.

മൂന്ന് പരിശുദ്ധ പൊതു സുന്നഹദോസുകളിൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ള വിശ്വാസ സത്യങ്ങളെ മുഴുവനായും ഞാൻ സ്വീകരിക്കുന്നു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 1934 ൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതും, കാലാകാലങ്ങളിൽ പരിഷ്കരിക്കപ്പെട്ടിട്ടുള്ളതുമായ ഭരണഘടന ഞാൻ സ്വീകരിക്കുക്കുകയും വിധേയപ്പെടുകയും ചെയ്യുന്നു.

മേൽപറഞ്ഞ ഭരണഘടനപ്രകാരമുള്ള സഭാഭരണ ക്രമീകരണത്തോടും, ഭരണാധികാരികളോടും വിധേയപ്പെട്ട് സഭാജീവിതം നയിക്കുവാൻ ഞാൻ ഒരുക്കമാണ്.

സഭാംഗത്വ സ്വീകർത്താവിന്റെ പേര്,വിലാസം, ഒപ്പ്, തീയതി.

സ്വീകരണ ശുശ്രൂഷ നടത്തിയ പട്ടക്കാരന്റെ പേര്,വിലാസം, ഒപ്പ്, തീയതി